
## കത്തുകൾ




# പൊതുപ്രശ്നങ്ങളിൽ ഒന്നിക്കാൻ സംഘടനാ വികാരം തടസ്സമാവരുത്

**മുസ്‌ലിം** യൂത്ത്‌ലീഗ് നേതാവിന്റെ ജമാഅത്ത്‌വിരുദ്ധ പ്രചരണങ്ങളെക്കുറിച്ച് *പ്രബോധന*ത്തിൽ കാണുകയുണ്ടായി. ഈ കുപ്രചാരണങ്ങളെ ഒരു വ്യക്തിയുടെ പക്വതയില്ലായ്മയായി ലളിതവൽക്കരിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. മുസ്‌ലിം ലീഗിന്റെ പുതിയ തലമുറയിലെ നേതാക്കൾ ഈ കാലഘട്ടത്തെയോ മുസ്‌ലിം സമുദായത്തെയോ മുസ്‌ലിം സംഘടനകളെയോ മനസ്സിലാക്കുന്നതിൽ തികഞ്ഞ പരാജയമാണെന്നാണ് ഇത്തരം സന്ദർഭങ്ങൾ മനസ്സിലാക്കിത്തരുന്നത്. നേതാക്കളുടെ പിഴവുകൾ കാരണം സംഘടനയുടെ പ്രതിഛായയിലുണ്ടായ കനത്ത ഇടിവ് തരണം ചെയ്യാൻ ജമാഅത്തെ ഇസ്‌ലാമിയെ വിമർശിച്ചാൽ മതിയെന്നും സമസ്തയിലെ ഒരു ഗ്രൂപ്പിനെക്കുറിച്ച് മോശമായി സംസാരിച്ചാൽ മറു ഗ്രൂപ്പ് കൂടുതൽ അടുക്കുമെന്നുമൊക്കെ തെറ്റിദ്ധരിക്കാൻ മാത്രം രാഷ്ട്രീയബോധമേ പുതിയ തലമുറ ലീഗുകാർക്കുള്ളൂ. യൂത്ത്‌ലീഗ് നേതൃത്വമിപ്പോൾ തീവ്രപ്രതിരോധ സംഘടനക്കെതിരെ കവലകളിൽ പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. സമുദായം നിറയെ തീവ്രവാദികളാണെന്ന് നാട്ടുകാരോട് വിളിച്ചു പറഞ്ഞ് സംഘ്പരിവാർ അജണ്ടക്ക് ശക്തിപകരുമ്പോഴും തീവ്രവാദം തടയാൻ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നില്ല. തങ്ങൾക്ക് നല്ല സ്വാധീനമുള്ള പ്രദേശങ്ങളിൽ പോലും ക്ഷമയോടെ പ്രവർത്തിച്ച് തീവ്രപ്രതിരോധസംഘടനയിലേക്ക് യുവാക്കൾ ആകർഷിക്കപ്പെടുന്നത് തടയാൻ ശ്രമിക്കാത്ത തങ്ങളുടെ കീഴിലുള്ള മതസംഘടനകളെ ഉപയോഗിച്ച് മഹല്ലു തലത്തിൽ തീവ്രവാദത്തിനെതിരെ വ്യക്തമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കാത്ത, തങ്ങളുടെ സ്വന്തം മാതൃസംഘടനയുടെ നേതൃത്വം തെരഞ്ഞെടുപ്പ് സമയങ്ങളിൽ തീവ്രപ്രതിരോധ സംഘടനയുമായി ധാരണകളുണ്ടാക്കുന്നത് തടയാൻ കഴിയാത്ത ആളുകളാണ് തെരുവുകളിലും ചാനലുകളിലും തീവ്രവാദവിരോധം പ്രസംഗിക്കുന്നത്. എലിയെ പേടിച്ച് ഇല്ലം ചുടുന്നത്ര രാഷ്ട്രീയബോധമേ മുസ്‌ലിംലീഗ് യുവനേതാക്കൾക്കുള്ളൂ എന്നാണ് ഇതെല്ലാം തെളിയിക്കുന്നത്.

ഒരുകാലത്ത് സമുദായത്തെ മൊത്തം പ്രതിനിധീകരിക്കാൻ മുസ്‌ലിം ലീഗിനു കഴിഞ്ഞിരുന്നു. സമുദായത്തിലെ യാഥാസ്ഥിതികരും ഉൽപതിഷ്ണുക്കളും മോഡേണിസ്റ്റുകളും മുസ്‌ലിം ലീഗിനോട് സഹകരിച്ചു; സമ്പന്നരും മധ്യവർഗവും ദരിദ്രരും ലീഗിൽ പ്രവർത്തിച്ചു. ലീഗിന് ഇവരെയെല്ലാം പ്രതിനിധീകരിക്കാൻ കഴിഞ്ഞു. സമുദായത്തിന് ലീഗ് ആവശ്യമാണെന്ന് ഇവർക്കെല്ലാം ബോധ്യമാവുകയും ചെയ്തിരുന്നു. ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾ, സാംസ്കാരിക സംഘടനകൾ എന്നിവയോടൊപ്പം മുസ്‌ലിംലീഗും കേരളത്തിലെ മുസ്‌ലിം സമുദായത്തിന്റെ ഉന്നമനത്തിൽ പങ്കുവഹിച്ചു. കാലക്രമേണ, സമുദായത്തിലെ എല്ലാ വിഭാഗങ്ങളുടെയും താൽപര്യങ്ങളെ പ്രതിഫലിപ്പിക്കാൻ ലീഗിന് കഴിയാതായി. ധാർമിക-സദാചാര മേഖലകളിലും ലീഗ് ക്ഷയിച്ചുതുടങ്ങി. ഇന്ന് വിദ്യാഭ്യാസവും മാധ്യമങ്ങളും സമുദായത്തെ കൂടുതൽ രാഷ്ട്രീയ പ്രബുദ്ധതയുള്ളവരാക്കി മാറ്റിയിട്ടുണ്ട്. ദലിതർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന സമുദായത്തിലെ അടിസ്ഥാനവർഗം ഇന്ന് സ്വയം തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. ഉദാരീകരണം, ആഗോളവൽക്കരണം തുടങ്ങിയ പേരുകൾ അറിയില്ലെങ്കിലും ഒരു കൂട്ടർ മാത്രം കൂടുതൽ സമ്പന്നരാവുകയാണെന്നും തങ്ങൾക്കും മറ്റു സമുദായങ്ങളിലെ ദരിദ്രർക്കും ഇടം നഷ്ടമാവുകയാണെന്നും അവരറിയുന്നു. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമുള്ള അവകാശം മാത്രമല്ല, തൊഴിൽ, വാസസ്ഥലം എന്നിവ വരെ നഷ്ടപ്പെടുകയാണെന്നും ദരിദ്രർ മനസ്സിലാക്കിത്തുടങ്ങി. സമുദായത്തിലെ മധ്യവർഗമാണെങ്കിൽ പഴയകാലത്തേക്കാൾ മതബോധമുള്ളവരും തങ്ങളുടെ ചുറ്റുപാടുകളിലേക്ക് കണ്ണു തുറക്കുന്നവരും അവശത അനുഭവിക്കുന്നവരെ തിരിച്ചറിയുന്നവരുമാണ്. ദരിദ്ര മുസ്‌ലിംകളുടെയും ദലിത്-പിന്നാക്ക വിഭാഗങ്ങളുടെയും ഇടങ്ങൾ നഷ്ടപ്പെടുന്നത് മധ്യവർഗ മുസ്‌ലിംകളെ വേദനിപ്പിക്കുന്നുണ്ട്. ദേശീയ-അന്തർദേശീയ രാഷ്ട്രീയത്തിൽ നല്ല ധാരണയുള്ളവരാണവർ. ലോകമെങ്ങും ഇസ്‌ലാമിന്റെ പേരിൽ സാമ്രാജ്യത്വ ശക്തികളുടെ പീഡനങ്ങളേൽക്കുന്നവർക്കു വേണ്ടി പ്രാർഥിക്കുകയും, സാമ്രാജ്യത്വത്തിന്റെ എല്ലാതരം അധിനിവേശങ്ങളെയും പ്രതിരോധിക്കേണ്ടതുണ്ടെന്ന് രോഷത്തോടെ പ്രഖ്യാപിക്കുകയും ചെയ്യുന്നവരാണവർ. ഇവർക്കൊന്നും മുസ്‌ലിം ലീഗിന്റെ നയനിലപാടുകൾ ഉൾക്കൊള്ളാൻ കഴിയുന്നില്ല, ഇവർ ഇസ്‌ലാമിക പ്രസ്ഥാനത്തിലും ഇടതുപക്ഷ കക്ഷികളിലും തങ്ങളെ മനസ്സിലാക്കാൻ കുറച്ചുകൂടി കഴിയുന്ന പി.ഡി.പി പോലുള്ള സമുദായ കക്ഷികളിലും എത്തിച്ചേരുന്നു. അതുകൊണ്ടുതന്നെ സമുദായത്തിന്റെ മൊത്തം കുത്തക ഇന്ന് മുസ്‌ലിം ലീഗിനില്ല. സി.പി.എം, കോൺഗ്രസ്, എൻ.സി.പി തുടങ്ങിയ ലീഗേതര രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നവരുടെ മതസംഘടനയായി സമുദായത്തിലെ പ്രബല മതസംഘടനകളിലൊന്നായ സമസ്ത എ.പി വിഭാഗം മാറിയിട്ടുണ്ട്. ഇവർക്കൊന്നും പ്രശ്നാധിഷ്ഠിതമായ പിന്തുണ നൽകാനല്ലാതെ, മുസ്‌ലിം ലീഗിൽ ലയിച്ചു ചേരാൻ കഴിയില്ല. എന്നാൽ ഈ സംഗതി ഉൾക്കൊള്ളാൻ മുസ്‌ലിം ലീഗിനു കഴിയുന്നില്ല. വിവിധ മുസ്‌ലിം സംഘടനകളുടെ അസ്തിത്വം അംഗീകരിച്ചുകൊണ്ട് സഹിഷ്ണുതയോടെയും പ്രതിപക്ഷ ബഹുമാനത്തോടെയും വർത്തിക്കുകയാണ് ഇനി കരണീയമെന്ന് മുസ്‌ലിം ലീഗ് നേതൃത്വം പൊതുവിലും, യൂത്ത്‌ലീഗ് നേതൃത്വം പ്രത്യേകിച്ചും മനസ്സിലാക്കേണ്ടതുണ്ട്. വിവിധ സംഘടനകൾ തമ്മിൽ യോജിക്കാവുന്ന മേഖലകളിൽ യോജിച്ച് പ്രവർത്തിക്കുകയും അല്ലാത്ത വിഷയങ്ങളിൽ സ്വന്തം വഴി തേടുകയുമാണ് വേണ്ടത്. സമുദായം നേരിടുന്ന പൊതു പ്രശ്നങ്ങളിൽ ഒന്നിച്ചുനിൽക്കാൻ വിലകുറഞ്ഞ സംഘടനാ വികാരങ്ങൾ തടസ്സമാവരുത്. പരസ്പര വിമർശനങ്ങളിൽ സത്യസന്ധതയും ആത്മാർഥതയും ഗുണകാംക്ഷാ മനോഭാവവുമാവണം മുന്നിട്ടുനിൽക്കുന്നത്. ശത്രുതാ മനോഭാവത്തോടെയുള്ള ആക്ഷേപങ്ങൾ സമുദായത്തിന് ഗുണം ചെയ്യില്ലെന്ന് മാത്രമല്ല ദോഷം ചെയ്യുകയും ചെയ്യും. ഇത്തരം വിഷയങ്ങളിൽ ക്രിയാത്മകമായ ഒരു ശൈലി രൂപപ്പെടുത്താൻ ലീഗിനു കഴിഞ്ഞാൽ സമുദായത്തിന്റെ ഉന്നമനത്തിന് വളരെയധികം സഹായിക്കുമെന്നതോടൊപ്പം പക്വമതികളും സംസ്കാരസമ്പന്നരുമായ ആളുകളെ പാർട്ടിയിലേക്ക് ആകർഷിക്കാനും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ നേട്ടങ്ങൾ കൈവരിക്കാനും സഹായിക്കും. ഈ കാര്യങ്ങൾ ലീഗിലെ മുതിർന്ന നേതാക്കൾ യുവനേതാക്കളെ ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. അറിഞ്ഞോ അറിയാതെയോ വർഗീയ ചുവയുള്ളതും അല്ലാത്തതുമായ സംഘടനകളിൽ പങ്കാളിയാകേണ്ടിവന്ന ലീഗിനെപ്പോലുള്ള ഒരു സംഘടനയിലിരുന്ന് പൂർണമായും സമാധാനത്തോടെ പ്രവർത്തിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച് തീവ്രവാദാരോപണം നടത്തുന്നതിലെ വൈരുധ്യവും മുതിർന്ന നേതാക്കൾ യുവനേതാക്കൾക്ക് മനസ്സിലാക്കിക്കൊടുക്കണം.

**ഹനീഫ് വളാഞ്ചേരി**